91 (1132) എം.എ.സി.റ്റി. വിധികൾ നടപ്പിലാക്കാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ് ഫ്ളൈയിംഗ് ട്രിബ്യൂണൽ വിധികൾ വന്നിട്ടും നഷ്ടപരിഹാരം നൽകാത്തതായി എത്ര കേസുകൾ കെ.എസ്.ആർ. ടി.സി. യിൽ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നഷ്ടപരിഹാരം നിശ്ചിത സമയത്തിനുള്ളിൽ നൽകാതിരിക്കുന്നത് കൂടുതൽ പലിശത്തുക നൽകുവാനും അതുവഴി സ്ഥാപനത്തിന് കൂടുതൽ നഷ്ടം വരുത്തുവാനും കാരണമാകുന്നുണ്ടോ;

(സി) ഈ വസ്തുത പരിശോധിച്ച് നിശ്ചിത കാലാവധിക്കുള്ളിൽത്തന്നെ നഷ്ടപരിഹാരത്തുക വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിധിയായ 717 കേസുകളിന്മേൽ നഷ്ടപരിഹാരം നൽകാനുണ്ട്.

(ബി) ഉണ്ട്.

(സി) എം.എ.സി.റ്റി.കൾ പുറപ്പെടുവിക്കുന്ന വിധികൾ പരിശോധിച്ച് അപ്പപ്പോൾത്തന്നെ നഷ്ടപരിഹാരം കൊടുത്തു തീർക്കുവാൻ സാമ്പത്തിക പരാധീനതമൂലം കോർപ്പറേഷനാവില്ല. സാമ്പത്തികനില മെച്ചമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്.

92 (1133) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലാണെങ്കിൽ നഷ്ടം നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രൈവറ്റ് ബസുകൾ സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന റൂട്ടിൽ കൂടി ഓടുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ കളക്ഷൻ താരതമ്യേന കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം എന്താണെന്നും അതിന് പരിഹാരം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) എല്ലാ സർവീസുകളും മുടങ്ങാതെ കൃത്യമായി ഓടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് പല തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തി

LIBRARY ARCHIVES Kerala Legislative Assembly